പതിനാലാം കേരള നിയമസഭ

13-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1396

03.12.2018-ൽ മറുപടിക്ക്

കുറ്റാലം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി ജോർജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കുറ്റാലം കൊട്ടാരം നിലവിൽ കേരള സംസ്ഥാനത്തിന്റെ ഉടമസ്ഥാവകാശത്തിലാണോ; അല്ലെങ്കിൽ ആരുടെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കാമോ; | (എ) അതെ. |
| (ബി) തിരുവിതാംകൂർ രാജകുടുംബത്തിന് കുറ്റാലം കൊട്ടാരത്തിൻമേൽ ഇപ്പോഴുള്ള അവകാശം എന്താണ്; വിശദമാക്കുമോ; | (ബി) നിലവിൽ തിരുവിതാംകൂർ രാജകുടുംബത്തിന് കുറ്റാലം കൊട്ടാരത്തിൻമേൽ അവകാശം ഇല്ലാത്തതാണ്. |
| (സി) മേൽ കൊട്ടാരത്തിന്റെയും വസ്തുവിന്റെയും പട്ടയം ഇപ്പോൾ ആരുടെ പേരിലാണ്; കവനന്റ് പ്രകാരം മേൽ കൊട്ടാരം കേരള സർക്കാരിന് വിട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) കുറ്റാലം കൊട്ടാരത്തിന്റെയും വസ്തു വിന്റെയും തണ്ടപ്പേർ അവകാശം കേരള സർക്കാരിന്റെ പേരിലാണ്. കവനന്റ് പ്രകാരം കുറ്റാലം കൊട്ടാരം കേരള സർക്കാരിൽ നിക്ഷിപ്തമാണ്. |
| (ഡി) കുറ്റാലം കൊട്ടാരം സംബന്ധിച്ച് ഏതെങ്കിലും കേസുകൾ ഏതെങ്കിലും കോടതിയിൽ നിലവിലുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ? | (ഡി) കുറ്റാലം കൊട്ടാരം സംബന്ധിച്ച് മദ്രാസ് ഹൈക്കോടതിയിൽ നിലവിലിരുന്ന WP(MD) 19737/13, 18108/15 എന്നീ കേസുകളിൻമേലുള്ള 21.07.2016-ാം നമ്പർ ഉത്തരവ് പ്രകാരം കൊട്ടാരത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് തിരുനെൽവേലി ജില്ലാ റവന്യൂ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ തിരുനെൽവേലി ജില്ലാ റവന്യൂ ഓഫീസറുടെ കാര്യാലയത്തിൽ ഹിയറിംഗ് നടന്നു വരുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**